ഉത്തരം

(എ) 20.

(ബി) ഇല്ല.

(സി) ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയിലെ ജീവനക്കാരെ പൊതുജനാരോഗ്യ വിഭാഗം ജീവനക്കാരുമായി സംയോജിപ്പിക്കുവാനുള്ള സർക്കാരിന്റെ നയപരമായ തീരുമാനം നടപ്പിലാക്കുന്നതുവരെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകളിലേക്ക് ഏതുവിധത്തിലുള്ള നിയമനങ്ങളും നടത്തുവാൻ തൽക്കാലം കഴിയുകയില്ല.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലെ നിയമനം

151 [2644] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. റാങ്ക്ലിസ്റ്റിൽനിന്ന് നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിക്കുള്ള കേന്ദ്രധനസഹായം 2004 മാർച്ച് മാസത്തോടെ അവസാനിച്ചു. പ്രസ്തുത പരിപാടിയിലെ ജീവനക്കാരെ പൊതുജനാരോഗ്യവിഭാഗം ജീവനക്കാരുമായി സംയോജിപ്പിക്കാനുള്ള നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടു. ടി ജീവനക്കാരെ സംയോജിപ്പിക്കുന്നതിലേക്കാവശ്യമായ ഒഴിവുകൾ പൊതുജനാരോഗ്യവകുപ്പിൽ ലഭ്യമാകേണ്ടതുണ്ട്. ആയതിനാൽ മതിയായ ഒഴിവുകൾ കരുതിയശേഷം മാത്രമേ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ സാധിക്കുകയുള്ളൂ.

പത്തനംതിട്ട ജില്ലയിലെ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ നിയമനം

152 [2645] ശ്രീ. എ. സുജനപാൽ:
" അടൂർപ്രകാശ്:
" ജി. പ്രതാപവർമ്മ തമ്പാൻ:
" ടി.എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലക്കുള്ള രണ്ടാംഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ റാങ്ക്ലിസ്റ്റിൽനിന്നും ഇതുവരെ ആരേയും നിയമിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പത്തനംതിട്ട ജില്ലക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചശേഷം എത്ര രണ്ടാംഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് പത്തനംതിട്ട ജില്ലയിലേക്ക് ഇന്റർഡിസ്ട്രിക്ട് ട്രാൻസ്ഫർ നൽകി;

LIBRARY ARCHIVES Kerala Legislative Assembly